LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി 13-5-2014-ലെ ജി.ഒ.(എംഎസ്.)66/2014/നി.വ. ഉത്തരവ് പ്രകാരം കൃഷി, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡിന് രൂപം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ബോർഡിന്റെ സാധ്യത, ഘടന എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ബാർ ലൈസൻസ് പുതുക്കി നൽകൽ**

79(84) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രീസ്റ്റാർ, ഫോർസ്റ്റാർ കാറ്റഗറികളിൽപ്പെട്ട പത്ത് ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഹർജി നൽകിയിട്ടുണ്ടായിരുന്നുവോ;

(ബി) ഇടക്കാല ഉത്തരവിൽ അപ്പീൽ നൽകണമെന്ന നിയമോപദേശം നൽകിയതാരായിരുന്നു ;

(സി) അപ്പീൽ ഹർജിയിന്മേൽ സുപ്രീം കോടതിയിൽ വാദം നടത്താൻ സ്ഥിരം വക്കീലൻമാരല്ലാത്ത പ്രമുഖരായ ഏതെങ്കിലും അഡ്വക്കേറ്റിനെ ചുമതലപ്പെടുത്താതിരുന്നത് എന്തുകൊണ്ടായിരുന്നു;

(ഡി) ബാർ കേസിൽ സുപ്രീം കോടതിയിൽ നിന്ന് തിരിച്ചടി നേടിയെടുക്കുന്നതിന് കള്ളക്കളി നടത്തുകയായിരുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നിട്ടുള്ളതായി സർക്കാരിനറിയാമോ;

(ഇ) സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) 31-12-2014-ലെ മന്ത്രിസഭാതീരുമാന പ്രകാരമാണ് അപ്പീൽ നൽകിയത്.

(സി) സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. വി. ഗിരി കേസിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായിരുന്നു.

(ഡി) യാതൊരുവിധ കള്ളക്കളിയും നടന്നിട്ടില്ല. ആക്ഷേപം അനാവശ്യമാണ്.

(ഇ) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മദ്യവിമുക്ത കേരളം പദ്ധതി**

80 (85) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വിമുക്ത കേരളം പദ്ധതി നടപ്പാക്കിത്തുടങ്ങിയോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) മദ്യാസക്തിക്കെതിരെ സ്കൂൾ കോളേജ് കാമ്പസുകളിൽ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടി സംബന്ധിച്ച വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പരിപാടിക്ക് സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രയോജനപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വിവിധ മദ്യ വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മദ്യ വിമുക്തമാക്കുന്ന നടപടികളാണ് ഇതിനോടകം നടപ്പാക്കി വരുന്നത്. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച് ആശയങ്ങൾ സമൂഹത്തിന്റെ നാനാതുറകളിലും എത്തിക്കുകയും, മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി 'മദ്യ വിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly